സർക്കാർ പണം വിനിയോഗിക്കുന്ന ഓഫീസുകളിൽ മുന്നറിയിപ്പില്ലാതെ പരിശോധന നടത്തുകയും പരിശോധനയിൽ കണ്ടെത്തുന്ന ക്രമക്കേടുകൾ ബന്ധപ്പെട്ട ഭരണ വകുപ്പിൽ റിപ്പോർട്ട് ചെയ്ത് ഭരണ വകുപ്പുവഴി നടപടി സ്വീകരിക്കുന്ന പ്രവർത്തനവുമാണ് ധനകാര്യ പരിശോധനാ വിഭാഗത്തിൽ നടക്കുന്നത്.

(സി) പൊതുജനങ്ങളിൽനിന്നും സാമ്പത്തിക ക്രമക്കേടുകൾ, സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം എന്നിവ സംബന്ധിച്ച് നേരിട്ട് പരാതി സ്വീകരിക്കുന്നതിലും അതിവേഗം തീർപ്പു കൽപ്പിക്കുന്നതിനുമായി വിവര സാങ്കേതിക വിദ്യയുടെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ സേവനം മെച്ചപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) ഇതുസംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

വിമാനത്താവളങ്ങളും തുറമുഖങ്ങളും കേന്ദ്രീകരിച്ചുള്ള വ്യവസായ വികസന മേഖലകൾ

24 (*774) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പാലോട് രവി :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമാനത്താവളങ്ങളും തുറമുഖങ്ങളും കേന്ദ്രീകരിച്ച് വ്യവസായ വികസന മേഖലകൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) വ്യവസായകുതിപ്പിന് ഇത് എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനുള്ള ധനം എങ്ങനെ സമാഹരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഉണ്ട്. സംസ്ഥാനത്തെ തുറമുഖങ്ങളെയും വിമാനത്താവളങ്ങളെയും ബന്ധപ്പെടുത്തി വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ട് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

വിഭാവനം ചെയ്തിട്ടുള്ള ഒരു പദ്ധതിയാണ് വ്യവസായ വികസനമേഖല. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ മേഖലകളിലാണ് പ്രസ്തുത പദ്ധതി സ്ഥാപിക്കുക. ഇതുവഴി ഉൽപ്പാദന മേഖലയിലെ വ്യവസായങ്ങൾ, വാണിജ്യ സംരംഭങ്ങൾ കൂടാതെ സാമൂഹ്യ അടിസ്ഥാന സൗകര്യങ്ങളുടെയും വികസനമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഇതുവഴി ഈ മേഖലയെ സംസ്ഥാനത്തെ പ്രധാനപ്പെട്ട ഉൽപ്പാദന വ്യവസായ കേന്ദ്രമായി മാറ്റുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഏകദേശം 3000 ഏക്കർ ഭൂമിയാണ് ഇതിലേയ്ക്കായി കണ്ടെത്തിയിരിക്കുന്നത്. പ്രസ്തുത മേഖലയെ വികസിപ്പിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ കിൻഫ്ര മുഖാന്തരം സ്വീകരിച്ചുവരികയാണ്.

(ബി) കേരളത്തെ വ്യവസായ നിക്ഷേപ സംസ്ഥാനമായി വികസിപ്പിക്കുക, സംയോജിത വികസനത്തിനായി തയ്യാറാക്കുക, വ്യവസായ വികസനത്തിൽ സ്വകാര്യ പങ്കാളിത്തത്തിന് അവസരമുണ്ടാക്കുക, Logistics Hub-നോട് അനുബന്ധമായി ലോകോത്തര അടിസ്ഥാന സൗകര്യമൊരുക്കുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

(സി) വ്യവസായ വികസനത്തിനും നിക്ഷേപ സമാഹരണത്തിനും സംസ്ഥാനം ഇന്നുനേരിടുന്ന പ്രധാന പ്രശ്നം ഭൂമി, ഗതാഗത സൗകര്യം, മറ്റ് അടിസ്ഥാന ഘടകങ്ങൾ, ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമാണ്. വിമാനത്താവളങ്ങളും തുറമുഖങ്ങളും കേന്ദ്രീകരിച്ചുള്ള IDZ മേൽപ്പറഞ്ഞ ഘടകങ്ങൾ ഒരുക്കുന്നതിലൂടെ വ്യവസായ വികസനം ത്വരിതപ്പെടുത്തുകയും അതുവഴി അഭ്യസ്തവിദ്യർക്ക് തൊഴിലും കൂടുതൽ മുതൽമുടക്കും സംസ്ഥാനത്തേക്ക് കൊണ്ടുവരികയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) വ്യവസായ വികസനമേഖലയ്ക്കായി ആകെ കണക്കാക്കിയിട്ടുള്ള ചെലവ് 1850 കോടി രൂപയാണ്. ടി തുകയിൽ 500 കോടി രൂപ സർക്കാർ വിഹിതമായും 350 കോടി രൂപ ആർജ്ജിത വരുമാനത്തിലൂടെയും 1000 കോടി രൂപ പദ്ധതിക്കായുള്ള ബോണ്ടുകളിലൂടെയും കണ്ടെത്താൻ ഉദ്ദേശിച്ചുകൊണ്ടാണ് പദ്ധതിക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly